ഹോട്ടലുകളിലെ ഭക്ഷണപാനീയങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

66 [1003] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. സി. പി. മുഹമ്മദ്:

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളുടെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എത്ര ഹോട്ടലുകൾ ലക്ഷ്വറി ടാക്സും, ഭക്ഷണപാനീയങ്ങൾക്കുള്ള ടാക്സും നൽകുന്നുണ്ട്;

(ബി) ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക കിട്ടുന്നുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളുടെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന 655 ഹോട്ടലുകൾ ലക്ഷ്വറി ടാക്സും ഭക്ഷണപാനീയങ്ങൾക്കുള്ള ടാക്സും അടയ്ക്കുന്നുണ്ട്.

(ബി) 25.99 കോടി രൂപ കിട്ടുന്നുണ്ട്.

ടൂറിസം സെന്ററുകളിൽ ബിയർ പാർലറുകൾ

67 [1004] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ടൂറിസം പാർലറുകൾ തുടങ്ങുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ടൂറിസം പാർലറുകൾ തുടങ്ങുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ വിദേശമദ്യച്ചട്ടം 13(11) അനുസരിച്ച് കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ബിയർ പാർലർ (എഫ്.എൽ. 11 ലൈസൻസ്) തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പന്തളം കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ്

68 [1005] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കുമോ;

(സി) പന്തളത്ത് ഈ സാമ്പത്തികവർഷംതന്നെ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികനില പരിഗണിച്ച്, പന്തളം ആസ്ഥാനമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

വില്പന നികുതി വരുമാനം

69 [1006] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുകളുടെ ക്രയവിക്രയവും, സാധനങ്ങളുടെ വിലയും വ്യാപാരികളുടെ എണ്ണവും വൻതോതിൽ വർദ്ധിച്ചിട്ടും വില്പന നികുതി വരുമാനം അതിനനുസൃതമായി വർദ്ധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) 2000-2001 മുതൽ ഇങ്ങോട്ടുള്ള ഓരോ വർഷവും സംസ്ഥാനത്തിന്റെ വില്പന നികുതി, എക്സൈസ് നികുതി ഇനങ്ങളിൽ ബഡ്ജറ്റുകളിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി വീതമായിരുന്നു; യഥാർത്ഥത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്രയായിരുന്നു;

(സി) ഈ കാലയളവിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില്പന ഇനത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്ര കോടി രൂപയായിരുന്നു?

ഉത്തരം

(എ) സംസ്ഥാനത്തെ സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള വ്യാപാരികളുടെ എണ്ണത്തിൽ 2004-2005-ൽ 2% മാത്രമാണ് വർദ്ധനവ് ഉണ്ടായത്. എന്നാൽ, വില്പന നികുതി വരുമാനം 12% വർദ്ധിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു.)

(ബി) വില്പന നികുതിയുടെ വിശദവിവരം അനുബന്ധം 1-ൽ ചേർക്കുന്നു.† അനുബന്ധം 2-ൽ എക്സൈസ് നികുതിയുടെ വിവരവും ചേർക്കുന്നു.‡

---

†അനുബന്ധം V

‡അനുബന്ധം V(എ)

LIBRARY ARCHIVES Kerala Legislative Assembly